**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4020** | **31.01.2014 ൽ മറുപടിയ്ക്ക്** |

## ഡി.റ്റി.പി., പി.എസ്.സി ഓൺലൈൻ പരീക്ഷ എന്നിവയ്ക്ക് പരിശീലന പരിപാടി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. പി.സി. വിഷ്ണുനാഥ്:**<br>**ശ്രീ. വി.റ്റി. ബൽറാം:**<br>**ശ്രീ. ഹൈബി ഈഡൻ:**<br>**ശ്രീ. ഷാഫി പറമ്പിൽ:** | **കുമാരി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |

| | |
|---|---|
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഡി.റ്റി.പി., പി.എസ്.സി ഓൺലൈൻ പരീക്ഷ എന്നിവയ്ക്ക് പരിശീലന പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സി-ഡിറ്റുമായി സഹകരിച്ച് സൗജന്യ ഡി.റ്റി.പി പരിശീലനവും പി.എസ്.സി ഓൺലൈൻ പരീക്ഷാ പരിശീലനവും നടത്തുവാൻ തീരുമാനിച്ചിരുന്നു. ഇതിൽ ഡി.റ്റി.പി പരിശീലനം പൂർത്തിയായിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ യുവജനങ്ങൾക്ക് ഏറെ സാധ്യതയുള്ള ഒരു തൊഴിൽ മേഖലയിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് സി-ഡിറ്റുമായി സഹകരിച്ച് സൗജന്യ ഡി.റ്റി.പി പരിശീലന പരിപാടി സംഘടിപ്പിച്ചത്. സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുവാനും ഈ പദ്ധതി സഹായകരമാകും.<br>പി.എസ്.സി ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനത്തെക്കുറിച്ച് വേണ്ടത്ര പരിചയമില്ലാത്തതിനാൽ ധാരാളം പേർക്ക് പി.എസ്.സി പരീക്ഷയ്ക്ക് അപേക്ഷിക്കുവാനുള്ള അവസരം നഷ്ടപ്പെടുകയോ അപേക്ഷകൾ നിരസിക്കപ്പെടുകയോ ചെയ്യുന്നുണ്ട്. ഈ പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് സി-ഡിറ്റുമായി സഹകരിച്ച് സൗജന്യ പി.എസ്.സി ഓൺലൈൻ രജിസ്ട്രേഷൻ പരിശീലന പദ്ധതിയ്ക്ക് രൂപം നൽകിയത്. |

| | | | |
|---|---|---|---|
| (സി) | ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ച തെന്ന് വിശദമാക്കമോ; | (സി) | സൗജന്യ ഡി.റ്റി.പി പരിശീലനത്തിനായി എല്ലാ ജില്ലകളിൽ നിന്നും പത്ര പരസ്യത്തിലൂടെ 500 വീതം അപേക്ഷകൾ സ്വീകരിച്ച് അതാത് ജില്ലയിലെ സി-ഡിറ്റിന്റെ സി.**ഇ.പി** സെന്ററുകൾ മുഖേന പരിശീലനം നൽകി വരുന്ന പദ്ധതിയുടെ ഭാഗമായി ഇതുവരെ 9099 പേര് പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്.<br>പി.എസ്.സി ഓൺലൈൻ രജിസ്ട്രേഷൻ പരിശീലനത്തിനായി ജില്ലകളിൽ നിന്നും അപേക്ഷകൾ ശേഖരിച്ച് സി-ഡിറ്റിന് കൈമാറിയിട്ടുണ്ട്. പരിശീലനം ഉടൻ ആരംഭിക്കുന്നതാണ്. ജില്ലകളിൽ പരിശീലകർക്കായുള്ള പരിശീലന പരിപാടി നടന്നുവരുന്നു. |
| (ഡി) | ആരെല്ലാമാണ് ഈ പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) | സർക്കാർ അംഗീകൃത സ്ഥാപനമായ സി-ഡിറ്റുമായി സഹകരിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ